ഭരണഭാഷ-മാതൃഭാഷ

**സമയപരിധി/അടിയന്തിരം**

ഐസിഡിഎസ് /ബി4-3418/2022

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഈ മെയിൽ-directorate.wcd@kerala.gov.in
ഫോൺ നം.0471-2346534
തീയതി: 22.07.2022

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

മാഡം,

വിഷയം : വ.ശി.വി.വ-ഐ.സി.ഡിഎസ്-അങ്കണവാടി പ്രവർത്തകരുടെ വിരമിക്കൽ-ബഹു ഹൈക്കോടതിയിൽ നില നിൽക്കുന്ന ഹർജികൾ-തുടർനടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്

സൂചന : അങ്കണവാടി പ്രവർത്തകരുടെ വിരമിക്കൽ സംബന്ധിച്ച് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷനുകൾ

സൂചയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ ഐസിഡിഎസ് പ്രൊജക്റ്റിൽ നിന്നും 30.04.2022 ന 62 വയസ്സായ പൂർത്തിയായ അങ്കണവാടി പ്രവർത്തകർ, അവരുടെ പെൻഷൻ പ്രായം 65 വയസ്സാക്കണമെന്നും അതു വരെ അവരെത്തന്നെ ടി അങ്കണവാടികളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കണമെന്നും ആവശ്യപ്പെട്ട് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജികളിൽ ബഹു ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി വിധിന്യായങ്ങളിൽ നടപടി സ്വീകരിച്ച് (വിധിന്യായപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും നിയമനം നടത്താൻ സാധിക്കുകയില്ലെങ്കിൽ ആയതിന്റെ കാരണവും സഹിതം) വിവരം അഡ്വക്കറ്റ് ജനറലിനെ അറിയിച്ച് പകർപ്പ് ഗവ. പ്ലീഡറിനു നൽകേണ്ടതാണ്.കൂടാതെ ഇപ്രകാരം ഫയൽ ചെയ്യപ്പെട്ട ഹർജികളിൽ എതിർ കക്ഷിയായിട്ടുള്ള ശിശു വികസന പദ്ധതി ഓഫീസർമാർ നേരിട്ട് SOF തയ്യാറാക്കി സമർപ്പിക്കേണ്ടതും , പകർപ്പ് 27.07.2022 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക വേണ്ടി

**SOPHY JACOB**
**PEN 457974**
**Assistant Director**
**Women and Child Development Department**
**Thiruvananthapuram - 695 012**